കേരള സർക്കാർ

സംഗ്രഹം 29203

സാമൂഹ്യനീതി വകുപ്പ്- കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 505/2014/സാനീവ

തിരുവനന്തപുരം, തീയതി, 08.08.2014.

പരാമർശം :
1. 07.09.2002 ലെ സ.ഉ.(സാധാ) 293/02/സാക്ഷേവ നമ്പർ സർക്കാർ ഉത്തരവ്
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 07.07.2014 ലെ സി2 – 26499/14 നമ്പർ കത്ത്
3. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം

**ഉത്തരവ്**

ദീർഘ കാലം ജയിൽ ശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന കുറ്റവാളികളുടെ ആശ്രിതരെ സ്വന്തമായി ഉപജീവന മാർഗ്ഗം കണ്ടെത്തി കുടുംബം സംരക്ഷിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി ഇവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000/- രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരാമർശം രണ്ട് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, താഴെപ്പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ, ദീർഘകാലം ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന കുറ്റവാളികളുടെ ആശ്രിതർക്ക് 15,000/- രൂപ വീതം ഒറ്റത്തവണ ധനസഹായം അനുവദിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. അഞ്ചു വർഷമോ അതിൽ കൂടുതലോ കാലം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞുവരുന്ന വ്യക്തികളുടെ ആശ്രിതർക്കാണ് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നത്. ഒരു കുടുംബത്തിൽ നിന്നും ഒരാളെ മാത്രമേ ധനസഹായത്തിന് പരിഗണിക്കുകയുള്ളൂ.

2. കുറ്റവാളികളുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ഭർത്താവ്, തൊഴിൽ രഹിതരും അവിവാഹിതരുമായ മകൻ/മകൾ എന്നിവർക്കാണ് പ്രസ്തുത സഹായം അനുവദിക്കുന്നത്.

3. അപേക്ഷയോടൊപ്പം അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വാർഡ് മെമ്പർ/കൗൺസിലറുടെ സാക്ഷ്യപത്രം, 5 വർഷമോ അതിൽ കൂടുതലോ ജയിൽ ശിക്ഷ അനുഭവിക്കുന്നതു സംബന്ധിച്ച് ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

4. അപേക്ഷകൻ BPL ലിസ്റ്റിൽ ഉൾപ്പെടുന്നവരായിരിക്കണം.